# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**

**പി.ആർ.ഒ./39/264/2018** **2018 ഡിസംബർ 8**

## വാർത്താക്കുറിപ്പ്

---

## എം.ജി.യിൽ രാജ്യാന്തര ജലസമ്മേളനത്തിന് തുടക്കം; പങ്കെടുക്കുന്നത് 17 രാജ്യങ്ങളിൽനിന്നുള്ള ശാസ്ത്രജ്ഞർ

ലോകം നേരിടുന്ന ജലമലിനീകരണ ഭീഷണിയും ജലശുദ്ധീകരണത്തിനുള്ള നൂതനശാസ്ത്രീയ കണ്ടുപിടുത്തങ്ങളും ചർച്ചചെയ്യുന്ന രാജ്യാന്തര ജലസമ്മേളനം മഹാത്മാ ഗാന്ധി സർവകലാശാലയിൽ ആരംഭിച്ചു. ജലശുദ്ധീകരണത്തിന് ചെലവു കുറഞ്ഞ ശാസ്ത്രീയ രീതികൾ കണ്ടുപിടിക്കണമെന്ന് ജലസമ്മേളനം ഉദ്ഘാടനം ചെയ്ത സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു.

സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ പരിസ്ഥിതി പഠന -സുസ്ഥിര വികസന കേന്ദ്രം മേധാവി പ്രൊഫ. എ.പി. തോമസ് അധ്യക്ഷത വഹിച്ചു. സമ്മേളനവിവരപുസ്തകത്തിന്റെ പ്രകാശനം സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ നിർവഹിച്ചു. എൻവയോൺമെന്റൽ സയൻസസ് ഡയറക്ടർ പ്രൊഫ. ഇ.വി. രാമസ്വാമി, പ്രൊഫ. സി.ടി. അരവിന്ദകുമാർ എന്നിവർ പ്രസംഗിച്ചു.

മഹാത്മാ ഗാന്ധി സർവകലാശാല എൺവയൺമെന്റൽ സയൻസസും പരിസ്ഥിതി പഠന -സുസ്ഥിര വികസന കേന്ദ്രവും ഇന്റർ യൂണിവേഴ്സിറ്റി ഇൻട്രുമെന്റേഷൻ സെന്ററും സംയുക്തമായാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. ഡിസംബർ 10 വരെ നടക്കുന്ന സമ്മേളനത്തിൽ അമേരിക്ക, ഇസ്രയേൽ, ജർമനി, ഫ്രാൻസ്, സ്പെയിൻ, ടുണീഷ്യ, ഓസ്ട്രേലിയ, സൗദി അറേബ്യ, ബ്രസീൽ, സ്ലൊവേനിയ, നോർവേ, തായ്‌ലൻഡ്, ബ്രിട്ടൻ, ജപ്പാൻ, മലേഷ്യ, ഓസ്ട്രിയ, കാനഡ എന്നിവിടങ്ങളിൽനിന്ന് ശാസ്ത്രജ്ഞരും ഗവേഷകരും പ്രതിനിധികളുമായി 250 പേർ പങ്കെടുക്കുന്നു.

### ചിത്രം കാപ്ഷൻ

മഹാത്മാ ഗാന്ധി സർവകലാശാല എൺവയൺമെന്റൽ സയൻസസും പരിസ്ഥിതി പഠന-സുസ്ഥിര വികസന കേന്ദ്രവും ഇന്റർ യൂണിവേഴ്സിറ്റി ഇൻട്രുമെന്റേഷൻ സെന്ററും സംയുക്തമായി നടത്തുന്ന രാജ്യാന്തര ജലസമ്മേളനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

## ജലത്തിലെ കീടനാശിനികളും മാലിന്യങ്ങളും തിരിച്ചറിയാം, നീക്കാം, ജലതന്മാത്രയുടെ ഘടന പരിശോധിച്ച്

ജലത്തിലെ കീടനാശിനികൾ, രാസ-ജൈവ മാലിന്യങ്ങൾ എന്നിവയെ കൃത്യമായും എളുപ്പത്തിലും തിരിച്ചറിയുന്നതിന് ജലതന്മാത്രകളുടെ ഘടന വിലയിരുത്തിയുള്ള ശാസ്ത്രീയ പഠനരീതിയാണ് ഉത്തമമെന്ന് പ്രമുഖ ശാസ്ത്രജ്ഞനും നോർവീജിയൻ സർവകലാശാലയിലെ പ്രൊഫസറുമായ റൊലൻഡ് കല്ലെൻബോൺ

പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാല എൺവയൺമെന്റൽ സയൻസസും പരിസ്ഥിതി പഠന - സുസ്ഥിര വികസന കേന്ദ്രവും ഇന്റർ യൂണിവേഴ്സിറ്റി ഇൻട്രുമെന്റേഷൻ സെന്ററും സംയുക്തമായി സർവകലാശാല കാമ്പസിൽ സംഘടിപ്പിച്ച രാജ്യാന്തര ജലസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ജലതന്മാത്രകളെ വിശകലനം ചെയ്ത് അവയിലടങ്ങിയിരിക്കുന്ന രാസ -ജൈവ മാലിന്യങ്ങളെക്കുറിച്ചറിയാനും ജലസ്രോതസിൽനിന്ന് അവയെ മാറ്റാനുമുള്ള ശാസ്ത്രീയ സംവിധാനങ്ങളുണ്ടെന്നും ഇവ നിലവിലുള്ള സാങ്കേതിക വിദ്യകളേക്കാൾ ഫലപ്രദമാണെന്നും അദ്ദേഹം പറഞ്ഞു.

ജലശുദ്ധീകരണത്തിനും ജലത്തിലെ മാലിന്യങ്ങൾ നീക്കുന്നതിനും ലവണാംശം ഒഴിവാക്കുന്നതിനും ഊർജ്ജ, സൗരോർജ സംരക്ഷണത്തിനും സൂക്ഷ്മാണു പ്രതിപ്രവർത്ത ന രന്ധ്രങ്ങൾ (മെംബ്റേനുകൾ) ഉപയോഗിക്കുന്നത് ഫലപ്രദമാണെന്ന് ഇസ്രയേൽ ബെൻ ഗുരിയോൺ സർവകലാശാലയിലെ പ്രൊഫ . യോരാം ഒറെൻ വ്യക്തമാക്കി.

ഇയാൻ ഗേമർ(ബ്രിട്ടൻ), ജന്നിസ് വെങ്ക്(ബ്രിട്ടൻ), ജോസ് ജുവാൻ സന്റന റോഡ്രിഗസ്(സ്പെയിൻ), ആൻഡ്രിയ ഷെഫർ (ജർമനി), സൂസന പെരേര നൻസ് (സൗദി അറേബ്യ), ടൊയോഷി ഒച്ചിയ് (ജപ്പാൻ), അനസ്റ്റസിയ പെകോവ (റഷ്യ), മിക് വെലൻ (ബ്രിട്ടൻ), ഇറിന സൊകൊലൊവ (റഷ്യ), എം. മുത്തുകുമാർ, അഞ്ജു ബാരോത്ത്, ഹലൻ പ്രകാശ്, ജെ.പി. ചൗധിരി, ഗിരീഷ് കുമാർ, ജയശ്രീ രാംകുമാർ, ആദിത്യ ശർമ, മാലിനി ബാലകൃഷ്ണൻ , എസ്. സുഗുണൻ, പാർവതി ജയശങ്കർ , സൊമെൻ മൊ ൻഡാൽ, ആർ. ബാബു രാജേന്ദ്രൻ, അൻപഴകി മുത്തുകുമാർ, ലോകേഷ് കുമാർ, കിരൺ കുമാർ കെ. ശർമ, സൗമ്യകാന്തി അധികാരി, അഭിജിത് മൈതി , ഗൗരവ് സിങ് , അമൻജിത്ത് സിംഗ് (ഇന്ത്യ)എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സർവകലാശാല വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് ജലസമ്മേളനം ഉദ്ഘാടനം ചെയ്തു. സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക് സ് സെമിനാർ ഹാളിൽ നടന്ന ചടങ്ങിൽ പരിസ്ഥിതി പഠന-സുസ്ഥിര വികസന കേന്ദ്രം മേധാവി പ്രൊഫ . എ.പി. തോമസ് അധ്യക്ഷത വഹിച്ചു . സമ്മേളനവിവരപുസ്തകത്തിന്റെ പ്ര കാശനം സിൻഡിക്കേറ്റംഗം പ്രൊഫ . കെ. ജയചന്ദ്രൻ നിർവഹിച്ചു . എൻവയോൺമെന്റൽ സയൻസസ് ഡയറക്ടർ പ്രൊഫ . ഇ.വി. രാമസ്വാമി, പ്രൊഫ. സി.ടി. അരവിന്ദകുമാർ എന്നിവർ പ്രസംഗിച്ചു. ഡിസംബർ 10 വരെയാണ് സമ്മേളനം

**ചിത്രം കാപ്ഷൻ**

പ്രൊഫ. റൊലൻഡ് കല്ലെൻബോൺ

## റിസർച്ച് മെതഡോളജി: ശിൽപശാല 15ന്

മഹാത്മാ ഗാന്ധി സർവകലാശാല സ് കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് സംഘടിപ്പിക്കുന്ന റിസർച്ച് മെതഡോളജി രാജ്യാന്തര ശിൽപശാല ഡിസംബർ 15ന് നടക്കും . രാവിലെ ഒമ്പതിന് സ് കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് ശിൽപശാല ഉദ്ഘാടനം ചെയ്യും.

ഖത്തർ ഹമദ് മെ ഡിക്കൽ കോർപറേഷനിലെ ഡോ . ബ്രിജേക് സത്യൻ , ഡോ. കെ.എം. മുസ്തഫ, മുബൈ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിലെ ഡോ . മനോജ് ജോസഫ് , എസ്. ജാസിം എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുക്കും . പി.ജി., എം.ഫിൽ വിദ്യാർഥികൾക്കും ഗവേഷകർക്കും അധ്യാപകർക്കും ശിൽപശാലയിൽ പങ്കെടുക്ക ന്നതിന് ഡിസംബർ 14 ന് വൈകിട്ട് നാലുവരെ രജിസ്റ്റർ ചെയ്യാം. ഫോൺ: 9526719084, 9895474642.

**എ. അരുൺ കുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**